ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയോടുള്ള ആഗോള വിശ്വാസം വർധിച്ചുവരികയാണെന്നും, സെമികണ്ടക്ടർ മേഖലയിലെ പ്രധാന കേന്ദ്രമായി രാജ്യം മാറിയെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.
**Prime Minister Narendra Modi says global confidence in India is growing and that the country has emerged as a major hub in the semiconductor sector.**
2. ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ് തോബ്ഗെയുമായി തിംഫുവിൽ കൂടിക്കാഴ്ച നടത്തി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.
**External Affairs Minister S. Jaishankar met Bhutanese Prime Minister Tshering Tobgay in Thimphu.**
3. വികസിത് ഭാരത്-ജി റാം ജി പദ്ധതിയുടെ ഭാഗമായി വികസിത ഗ്രാമങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ.
**Union Agriculture Minister Shivraj Singh Chouhan has called for efforts to create developed villages under the Viksit Bharat–GRAM-G initiative.**
4. പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി ബിജെപി സംഘടിപ്പിക്കുന്ന സേവാ സങ്കൽപ് അഭിയാന് രാജ്യത്ത് തുടക്കമായി.
**The BJP's Seva Sankalp Abhiyan, being organised to mark 25 years of Prime Minister Narendra Modi's leadership in governance, has begun across the country.**
5. തപാൽ വകുപ്പിന്റെ പാഴ്സൽ സേവനങ്ങൾ അതിവേഗത്തിലാക്കാൻ സഹായിക്കുന്ന റോഡ് ട്രാൻസ്പോർട്ട് നെറ്റ് വർക്കിന് കേരളത്തിൽ തുടക്കം.
**Road transport network aimed at speeding up the postal department's parcel services has been launched in Kerala.**

6. ഇന്ത്യ- അഫ്ഗാനിസ്ഥാൻ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്.

**The third and final match of the India-Afghanistan T-20 cricket series will be played today.**

**&&&&&&&&&&&&&&&&&&&**

## FUR REV DAY PM-SEMICON INDIA (INTRO)

വികസിത ഭാരതം കെട്ടിപ്പടുക്കാനുള്ള പ്രതിബദ്ധതയോടെയാണ് രാജ്യത്തെ ഓരോ പൗരനും പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോള സെമി കണ്ടക്ടർ മേളയായ സെമികോൺ ഇന്ത്യ- 2026 ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ വളരുന്നതിനൊപ്പം ഇന്ത്യയോടുള്ള ആഗോള വിശ്വാസവും വർധിച്ചുവരികയാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. സെമികണ്ടക്ടർ വ്യവസായ മേഖലയിൽ ലോകം ഉറ്റുനോക്കുന്ന പ്രധാന കേന്ദ്രമായി ഇന്ത്യ മാറുന്നതായും, ഇന്ത്യൻനിർമ്മിത ചിപ്പുകൾ ഇപ്പോൾ ലോകമെമ്പാടും ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു

**(ഹോൾഡ് വോയ്സ്........)**

സെമികോൺ 2.0' വഴി സെമിക്കണ്ടക്ടർ വ്യവസായത്തെ കൂടുതൽ ശക്തമാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് പരിപാടിയിൽ പങ്കെടുത്തുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. മൂന്ന് ദിവസം നീളുന്ന മേളയിൽ 600-ലധികം പ്രദർശകരും 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘങ്ങളും പങ്കെടുക്കുന്നുണ്ട്.

**&&&&&&&&&&&**

## JAISHANKAR - BHUTAN

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ് തോബ്ഗെയുമായി തിംഫുവിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ സന്ദർശിക്കുന്ന ഭൂട്ടാൻ പൗരന്മാർക്കായുള്ള യുപിഐ ഡിജിറ്റൽ പേയ്മെൻറ് സേവനങ്ങളുടെ രണ്ടാംഘട്ടം ഇരുവരും ചേർന്ന് ഉദ്ഘാടനം ചെയ്യു. ഇന്ത്യൻ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭൂട്ടാൻ വിദ്യാർത്ഥികൾക്കുള്ള നെഹ്റു-വാങ്ചുക് സ്കോളഷർഷിപ്പ് പദ്ധതി ദീർഘിപ്പിക്കുന്നതിനുള്ള ധാരണാപത്രവും സന്ദർശനത്തിൻറെ ഭാഗമായി കൈമാറി. ഇന്ത്യയിൽ നിർമ്മിച്ച 54 ഇലക്ട്രിക് വാഹനങ്ങളും കേന്ദ്രമന്ത്രി, ഭൂട്ടാൻ പ്രധാനമന്ത്രിക്ക് കൈമാറി.

**&&&&&&&&&&&**

## CHOUHAN – GRAM G

വികസിത് ഭാരത്-ജി റാം ജി പദ്ധതിയുടെ ഭാഗമായി വികസിത ഗ്രാമങ്ങൾ സൃഷ്ടിക്കാൻ വേണ്ട ശ്രമങ്ങൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ. വികസിത ഭാരതത്തിനായി വികസിത ഗ്രാമങ്ങൾ എന്ന ലക്ഷ്യത്തോടെ വേണം പ്രവർത്തനങ്ങളെന്നും അദ്ദേഹം ഓർമപ്പെടുത്തി. പദ്ധതി നടപ്പാക്കലുമായി ബന്ധപ്പെട്ട ദേശീയ ശിൽപശാലയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

**&&&&&&&&&&&**

## WISHES BIRTHDAY PM

പ്രധാന മന്ത്രി നരേന്ദ്രമോദിയുടെ 76-ാം ജൻമദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു , ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ തുടങ്ങിയ പ്രമുഖർ. അദ്ദേഹം കഴിഞ്ഞ 25 വർഷമായി നൽകി വരുന്ന അതുല്യമായ രാഷ്ട്രസേവനത്തെ രാഷ്ട്രപതി അഭിനന്ദിച്ചു. രാജ്നാഥ് സിങ്, അമിത് ഷാ ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാർ, റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിൻ അടക്കമുള്ള ലോക നേതാക്കൾ തുടങ്ങിയവരും പ്രധാനമന്ത്രിക്ക് ആശംസകൾ നേർന്നു. പ്രധാനമന്ത്രിയുടെ മണ്ഡലമായ വാരാണസിയിൽ പ്രത്യേക പൂജകൾ ഉൾപ്പെടെ വിപുലമായ പരിപാടികൾ ഇന്ന് നടന്നു.

**&&&&&&&&&&&**

## SEWA SANKALP (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി ബിജെപി രാജ്യമെമ്പാടും സംഘടിപ്പിക്കുന്ന ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാന് ഇന്നു മുതൽ തുടക്കം. പ്രധാനമന്ത്രിയുടെ ജന്മസ്ഥലമായ ഗുജറാത്തിലെ വഡ്നഗറിൽ നടന്ന പരിപാടി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും ചേർന്ന് ഉദ്ഘാടനം ചെയ്തു. രാജ്യത്തിന് പ്രഥമ പ്രാധാന്യം നൽകുന്നതാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പൊതുജീവിതമെന്ന് ശ്രീ അമിത് ഷാ പറഞ്ഞു. 2047-ഓടെ 'വികസിത രാഷ്ട്രം' എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, അദ്ദേഹത്തെ പോലെ നിസ്വാർത്ഥത മനോഭാവമുള്ള നേതാക്കളെ രാജ്യത്തിന് ആവശ്യമുണ്ടെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു

**(ഹോൾഡ് വോയ്സ്.....)**

കേരളത്തിലും വിപുലമായ പരിപാടിളാണ് സേവാ സങ്കൽപ് അഭിയാൻറെ ഭാഗമായി നടക്കുന്നത്. പ്രധാനമന്ത്രിയുടെ

ജന്മദിനത്തോടനുബന്ധിച്ച് ബി.ജെ.പി. ഇന്ന് രാജ്യവ്യാപകമായി സേവാ ദിവസ് ആചരിച്ചു. രാജ്യമെമ്പാടും രക്തദാന ക്യാമ്പുകളും ഇതിൻറെ ഭാഗമായി സംഘടിപ്പിച്ചു.

&&&&&&&&&&&

## SWACHHATA HI SEVA

'സ്വച്ഛത ഹി സേവ' ശുചീരണ ക്യാമ്പയിൻ 2026-ന് രാജ്യത്ത് തുടക്കമായി. ശുചിത്വത്തിനായി ജനപങ്കാളിത്തം; സ്വച്ഛ് ഭാരതം; വികസിത ഭാരതം എന്നതാണ് ഈ വർഷത്തെ പ്രമേയം. കാമ്പയിനിന്റെ ഭാഗമായി കേരളത്തിലും വിപുലമായ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം റെയിൽവേ ഡിവിഷനിലെ സ്വച്ഛത ഹി സേവ പ്രചാരണം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ DRM ദിവ്യകാന്ത് ചന്ദ്രാകർ ഉദ്ഘാടനം ചെയ്തു. മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2-ന് സ്വച്ഛ ഭാരത് ദിനാഘോഷത്തോടെ പ്രചാരണം സമാപിക്കും.

&&&&&&&&&&&

## SC-CBSE

ആറാം ക്ലാസ് വിദ്യാർത്ഥികൾക്ക് നിർബന്ധമാക്കിയിട്ടുള്ള ത്രിഭാഷാ നയം 2027 അധ്യയന വർഷത്തിലേക്ക് മാറ്റിവെക്കുന്ന കാര്യം പരിഗണിക്കാൻ CBSE യോട് ആവശ്യപ്പെട്ട് സുപ്രീം കോടതി. വിദ്യാർത്ഥികളുടെ ആശങ്കകൾ അകറ്റുകയാണ് ലക്ഷ്യമെന്നും, എന്നാൽ നിലവിൽ മൂന്ന് ഭാഷകൾ പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുണ്ടെങ്കിൽ അനുമതി നൽകണമെന്നും ചീഫ് ജസ്റ്റിസ് സൂര്യ കാന്ത് ഉൾപ്പെട്ട ബെഞ്ച് വ്യക്തമാക്കി.

&&&&&&&&&&&

## RAJNATHSING -KOCHI

രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് നാളെ കൊച്ചിയിലെത്തും. ജന്മഭൂമിയുടെ ത്രിദിന ദേശീയ കോൺക്ലേവ് അദ്ദേഹം എളമക്കരയിൽ ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊച്ചി നഗരത്തിൽ നാളെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&

## INDIA POST TVPM (INTRO)

കേരളത്തിൽ തപാൽ വകുപ്പിന്റെ പാഴ്സൽ സേവനങ്ങൾ അതിവേഗത്തിലാക്കാനും വിപുലീകരിക്കാനും സഹായിക്കുന്ന റോഡ് ട്രാൻസ്പോർട്ട് നെറ്റ് വർക്കിന് തുടക്കം. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തു നിന്ന് കണ്ണൂരിലേക്കുള്ള തപാൽ വാൻ കേരളാ

സർക്കിൾ ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ അമിതാഭ് സിങ് ഫ്ളാഗ് ഓഫ് ചെയ്തു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**
**(വോയ്സ്)**

**&&&&&&&&&&&**

## UPI CLARIFICATIONS

വ്യക്തികൾ തമ്മിലുള്ള എല്ലാ യുപിഐ ഇടപാടുകളും പൂർണ്ണമായും സൗജന്യമായിരിക്കുമെന്ന് കേന്ദ്ര സർക്കാർ. സുഹൃത്തുക്കൾക്ക് പണം അയക്കുന്നതിനും, കടകളിൽ പണം നൽകുന്നതിനും, ക്യുആർ കോഡ് സ്കാൻ ചെയ്യുന്നതിനും യാതൊരുവിധ നിരക്കുകളും ഈടാക്കില്ല. യുപിഐ ക്യുആർ കോഡുകൾ വഴി പ്രതിമാസം ഒരു ലക്ഷം രൂപ വരെ ഇടപാടുകളുള്ള വ്യാപാരികൾക്ക് തുടർന്നും സീറോ ചാർജ് ബാധകമായിരിക്കും. റൂപേ ഡെബിറ്റ് കാർഡുകളുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ യുപിഐ ഇടപാടുകളും യാതൊരു നിരക്കുമില്ലാതെ സൗജന്യമായി തുടരുമെന്നും കേന്ദ്രം വ്യക്തമാക്കി. വ്യക്തികളും വ്യാപാരികളും തമ്മിലുള്ള ഏകദേശം 96 ശതമാനം യുപിഐ ഇടപാടുകളെയും പുതിയ മാറ്റം ബാധിക്കില്ല. എന്നാൽ റെയിൽവേ, ഇന്ധനം തുടങ്ങിയ അവശ്യ മേഖലകളിൽ രണ്ടായിരം രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾക്ക് ഓരോ ട്രാൻസാക്ഷനും 5 രൂപ നിരക്കിൽ ഫ്ലാറ്റ് മെച്ചൻഡ്സ് ഡിസ്കൗണ്ട് റേറ്റ് ഈടാക്കും. 2000 രൂപയ്ക്ക് മുകളിലുള്ള ഇടപാടുകൾക്ക് ബാധകമായ 0.4 ശതമാനം എംഡിആർ വ്യാപാരികൾ തന്നെ വഹിക്കേണ്ടതാണ്.

**&&&&&&&&&&&**

## INDIA TEXTILE EXPORT

ഇന്ത്യയുടെ വസ്ത്ര കയറ്റുമതി 29,700 കോടി രൂപയായി വർദ്ധിച്ചു. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ഇത് 25,600 കോടി രൂപയായിരുന്നു. 16.1 ശതമാനത്തിന്റെ വർദ്ധനയാണിതെന്ന് ടെക്സ്റ്റൈൽ മന്ത്രാലയം വ്യക്തമാക്കി.

**&&&&&&&&&&&**

## CRICKET – IND VS AFG

ഇന്ത്യ- അഫ്ഗാനിസ്ഥാൻ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ടോസ് നേടിയ അഫ്ഗാനിസ്ഥാൻ ഫീൽഡിങ് തിരഞ്ഞെടുത്തു. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ അൽപസമയം മുൻപാണ് മത്സരം ആരംഭിച്ചത്. ആദ്യ രണ്ട് മത്സരങ്ങളിലും വിജയം നേടി ഇന്ത്യ ഇതിനകം തന്നെ പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

**&&&&&&&&&&&**

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. സെൻസെക്സ് 21 പോയിന്റ് നഷ്ടത്തിലും നിഫ്റ്റി 53 പോയിന്റ് നേട്ടത്തിലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. പവന് 440 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 12,080 രൂപയും, ഗ്രാമിന് 14,010 രൂപയുമാണ് ഇന്നത്തെ വില.

**&&&&&&&&&&&**

## PIB-FACT CHECK

ഇന്ത്യൻ വ്യോമസേനയുടെ മിഗ്-29 യുദ്ധവിമാനം പൈലറ്റിന്റെ പിഴവ് കാരണം ലാൻഡിംഗിനിടെ തകർന്നുവീണു എന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. ദൃശ്യങ്ങൾ ഒരു വീഡിയോ ഗെയിമിൽ നിന്നുള്ളതാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം സ്ഥിരീകരിച്ചു.

**&&&&&&&&&&&**

## US-PALESTINE VISA

പാലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ അംഗങ്ങൾക്കും, പലസ്തീൻ അതോറിറ്റി ഉദ്യോഗസ്ഥർക്കും യുഎസിലേക്ക് പ്രവേശനം നിഷേധിക്കുന്ന വീസ നിയന്ത്രണങ്ങൾ യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് നീട്ടി. മുൻകാല കരാറുകൾ ലംഘിച്ചതായി കാണിച്ചാണ് നിയന്ത്രണങ്ങൾ നീട്ടിയത്.

**&&&&&&&&&&&**

## RUSSIA- UKRAINE ATTACK

യുക്രെയ്ൻ തലസ്ഥാനമായ കീവിൽ റഷ്യ നടത്തിയ മിസൈൽ-ഡ്രോൺ ആക്രമണങ്ങളിൽ 19 പേർക്ക് പരിക്ക്. ഒഡേസയിൽ ടാൻസാനിയൻ ചരക്കുകപ്പലിന്മേൽ റഷ്യൻ ഡ്രോൺ പതിച്ച് ക്യാപ്റ്റൻ കൊല്ലപ്പെടുകയും മൂന്ന് ജീവനക്കാർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിനു തിരിച്ചടിയായി റഷ്യൻ വ്യോമതാവളത്തിനും എണ്ണശുദ്ധീകരണ ശാലയ്ക്കും നേരെ യുക്രെയ്ൻ സൈന്യം ആക്രമണം നടത്തി.

**&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&**

**&&&&&&&&&&&&&**